**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1669** **31-08-2022 - ൽ മറുപടിയ്ക്ക്**

**കൃഷി അധിഷ്ഠിത (ഫാം) വികസനത്തിനായി സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷി അധിഷ്ഠിത (ഫാം) വികസനത്തിലേക്കുള്ള മാറ്റം ഉല്പാദന വർദ്ധനവിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുമെന്ന് കരുതുന്നുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ഇതുവരെ തുടർന്ന് വന്നിരുന്ന കാർഷിക ആസൂത്രണം മുഖ്യമായും വിള അധിഷ്ഠിതമായിരുന്നു. അതായത് വിവിധ വിളകളെ കേന്ദ്രീകരിച്ച് ഉല്പാദന ആസൂത്രണ പ്രവർത്തനങ്ങളാണ് ജനകീയാസൂത്രണ കാർഷിക വികസന പദ്ധതികളിലും സംസ്ഥാനാവിഷ്കൃത പദ്ധതികളിലും തുടർന്ന് പോകുന്നത്. കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഇത്തരത്തിലുള്ള ആസൂത്രണത്തേക്കാൾ ഒരു കർഷകന്റെ കൈവശമുള്ള കൃഷിയിടത്തിൽ നിന്നും സാധ്യമായ എല്ലാവിധത്തിലും വികസനം സാദ്ധ്യമാക്കി ഉല്പാദനം വർദ്ധിപ്പിച്ച് കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുകയും, കൃഷി മെച്ചപ്പെട്ട ആദായം നൽകുന്ന ജീവിത മാർഗ്ഗമാക്കുകയും ചെയ്യുക എന്നതാണ് ഏറ്റവും കരണീയമായിട്ടുള്ളത്.<br><br>ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ ഏറ്റവും കൂടുതൽ കാർഷിക ഉല്പാദന ശേഷി കൂടുതലുള്ളത് കേരള സംസ്ഥാനത്തിനാണ് എന്നാണ് പഠനങ്ങൾ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ കാർഷികാനുബന്ധ പ്രവർത്തനങ്ങൾ കൂടി കണക്കിലെടുത്താണ് ഒരു ഇടത്തിലെ സാധ്യമായ എല്ലാ ഉൽപ്പാദന ഘടകങ്ങളേയും സമന്വയിപ്പിച്ച് ഒരു കൃഷിയിട ആസൂത്രണം എന്ന സമീപനം സർക്കാർ സ്വീകരിക്കുവാൻ തീരുമാനിച്ചത്. ഇത്തരം സമീപനം ഒന്നോ രണ്ടോ വിളകൾ മാത്രം കൃഷി ചെയ്യുമ്പോൾ കൃഷിനാശം മൂലം കർഷകനുണ്ടാകുന്ന നഷ്ടസാധ്യത ലഘൂകരിക്കുന്നതിനും സഹായിക്കുന്നു.<br><br>കൃഷിയിടാസൂത്രണാധിഷ്ഠിത വികസനത്തിനായി ഈ സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന മൂന്ന് പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് |

| | | | |
|---|---|---|---|
| | | | <ul><li>കൃഷിയിടാസൂത്രിണാധിഷ്ഠിത ഉല്പാദന പരിപാടികൾ - ഉല്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ</li><li>ഉല്പാദക സംഘാടനകളുടെ വികസനത്തിനും സാങ്കേതിക സഹായത്തിനുമുള്ള പദ്ധതി.</li><li>കൃഷിയിടാസൂത്രിണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ ശൃംഖല/ മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി.</li></ul>പ്രസ്തുത പദ്ധതികൾക്കായി 29 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഓരോ കൃഷി ഭവനുകീഴിലും 10കൃഷിയിടങ്ങൾ വീതം തെരഞ്ഞെടുത്തു ആവശ്യമനുസരിച്ച സാങ്കേതിക-സേവന-ഉല്പാദനോപാധികൾ നൽകികൊണ്ട് അവയുടെ സമഗ്ര കാർഷക വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. അടുത്ത പടിയായി പദ്ധതിയിലെ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ടു കർഷക ഉല്പാദന സംഘങ്ങൾ രൂപീകരിക്കുന്നതിനും 'ഹബ് ആൻഡ് സ്പോക്ക്' മാതൃകയിൽ സംഭരണ, വിപണന ശൃംഖല വികസിപ്പിക്കുവാനും ഉദ്ദേശിക്കുന്നു. കൃഷി വകുപ്പിനോടൊപ്പം കേരള കാർഷിക സർവ്വകലാശാല, കേരള സാങ്കേതിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളും പദ്ധതിക്കുവേണ്ട സാങ്കേതിക പിന്തുണ നൽകുന്നു. പ്രസ്തുത പദ്ധതികൾക്കു അനുമതി നൽകിയിട്ടുണ്ട്. പദ്ധതികളുടെ നടത്തിപ്പിനായുള്ള മാർഗ്ഗരേഖ തയ്യാറാക്കി പദ്ധതി നടത്തിപ്പ് ഉടൻ ആരംഭിക്കുന്നതാണ്. |
| (ബി) | ഉണ്ടെങ്കിൽ കൃഷി അധിഷ്ഠിത (ഫാം) വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ബി) | ഉണ്ട്. സംസ്ഥാനത്ത് ഇതുവരെ തുടർന്ന് വന്നിരുന്ന കാർഷിക ആസൂത്രണം മുഖ്യമായും വിള അധിഷ്ഠിതമായിരുന്നു. അതായത് വിവിധ വിളകളെ കേന്ദ്രീകരിച്ച് ഉല്പാദന ആസൂത്രണ പ്രവർത്തനങ്ങളാണ് ജനകീയാസൂത്രണ കാർഷിക വികസന പദ്ധതികളിലും സംസ്ഥാനാവിഷ്കൃത പദ്ധതികളിലും തുടർന്ന് പോകുന്നത്. കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഇത്തരത്തിലുള്ള ആസൂത്രണത്തേക്കാൾ ഒരു കർഷകന്റെ കൈവശമുള്ള കൃഷിയിടത്തിൽ നിന്നും സാധ്യമായ എല്ലാവിധത്തിലും വികസനം സാദ്ധ്യമാക്കി ഉല്പാദനം വർദ്ധിപ്പിച്ച് കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുകയും, കൃഷി മെച്ചപ്പെട്ട ആദായം നൽകുന്ന ജീവിത മാർഗ്ഗമാക്കുകയും ചെയ്യുക എന്നതാണ് ഏറ്റവും കരണീയമായിട്ടുള്ളത്.<br><br>ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ ഏറ്റവും കൂടുതൽ കാർഷിക ഉല്പാദന ശേഷി |

കൂടുതലുള്ളത് കേരള സംസ്ഥാനത്തിനാണ് എന്നാണ് പഠനങ്ങൾ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ കാർഷികാനുബന്ധ പ്രവർത്തനങ്ങൾ കൂടി കണക്കിലെടുത്താണ് ഒരു ഇടത്തിലെ സാധ്യമായ എല്ലാ ഉൽപ്പാദന ഘടകങ്ങളേയും സമന്വയിപ്പിച്ച് ഒരു കൃഷിയിട ആസൂത്രണം എന്ന സമീപനം സർക്കാർ സ്വീകരിക്കുവാൻ തീരുമാനിച്ചത്. ഇത്തരം സമീപനം ഒന്നോ രണ്ടോ വിളകൾ മാത്രം കൃഷി ചെയ്യുമ്പോൾ കൃഷിനാശം മൂലം കർഷകനുണ്ടാകുന്ന നഷ്ടസാധ്യത ലഘൂകരിക്കുന്നതിനും സഹായിക്കുന്നു.

കൃഷിയിടാസൂത്രണാധിഷ്ഠിത വികസനത്തിനായി ഈ സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന മൂന്ന് പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

- കൃഷിയിടാസൂത്രിണാധിഷ്ഠിത ഉല്പാദന പരിപാടികൾ - ഉല്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ
- ഉല്പാദക സംഘാടനകളുടെ വികസനത്തിനും സാങ്കേതിക സഹായത്തിനുമുള്ള പദ്ധതി.
- കൃഷിയിടാസൂത്രിണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ ശൃംഖല/ മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി.

പ്രസ്തുത പദ്ധതികൾക്കായി 29 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഓരോ കൃഷി ഭവനുകീഴിലും 10കൃഷിയിടങ്ങൾ വീതം തെരഞ്ഞെടുത്തു ആവശ്യമനുസരിച്ച സാങ്കേതിക-സേവന-ഉല്പാദനോപാധികൾ നൽകികൊണ്ട് അവയുടെ സമഗ്ര കാർഷക വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. അടുത്ത പടിയായി പദ്ധതിയിലെ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ടു കർഷക ഉല്പാദന സംഘങ്ങൾ രൂപീകരിക്കുന്നതിനും 'ഹബ് ആൻഡ് സ്പോക്ക്' മാതൃകയിൽ സംഭരണ, വിപണന ശൃംഖല വികസിപ്പിക്കുവാനും ഉദ്ദേശിക്കുന്നു. കൃഷി വകുപ്പിനോടൊപ്പം കേരള കാർഷിക സർവ്വകലാശാല, കേരള സാങ്കേതിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളും പദ്ധതിക്കുവേണ്ട സാങ്കേതിക പിന്തുണ നൽകുന്നു. പ്രസ്തുത പദ്ധതികൾക്കു അനുമതി നൽകിയിട്ടുണ്ട്. പദ്ധതികളുടെ നടത്തിപ്പിനായുള്ള മാർഗ്ഗരേഖ തയ്യാറാക്കി പദ്ധതി നടത്തിപ്പ് ഉടൻ ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ